# പതിനാലാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1748 — 04.12.2018 ലെ മറുപടിക്ക്

**<u>തിരുവനന്തപുരം കോർപ്പറേഷനിലെ അപേക്ഷകൾ</u>**
**<u>തീർപ്പാക്കുന്നതിനുള്ള സോഫ്റ്റ് വെയർ</u>**

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കോർപ്പറേഷനിൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾക്ക് ഇൻഫർമേഷൻ കേരള മിഷന്റെ സങ്കേതം സോഫ്റ്റ് വെയറാണോ ഉപയോഗിച്ചിരുന്നത്; | (എ) | അതെ. |
| (ബി) | പ്രസ്തുത സോഫ്റ്റ് വെയറിന് പകരം പുതിയ ഏതെങ്കിലും സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടോ; | (ബി) & (സി) | പൈലറ്റ് പ്രോജക്ടായി പുതിയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന M/S Dev Information Technology Ltd., വികസിപ്പിച്ചെടുത്ത IBPMS (Intelligent Building Plan Management System) സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത്. |
| (സി) | ഉണ്ടെങ്കിൽ ആരുടെ സോഫ്റ്റ് വെയറാണ് ഇപ്പോൾ ഉപയോഗിക്കുന്നത്; | | |
| (ഡി) | പുതിയതായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ കാരണം അപേക്ഷകൾ കുന്നുകൂടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | ഇല്ല. എന്നാൽ പുതിയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിലെ ഉദ്യോഗസ്ഥരുടെ പരിചയക്കുറവുമൂലം അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് ഡെമോൺസ്ട്രേഷനും ട്രെയിനിംഗും നൽകി വരുന്നുണ്ട്. ഇപ്രകാരം കാലതാമസം കൂടാതെ അപേക്ഷകൾ തീർപ്പാക്കാൻ കഴിയുമെന്നുള്ള സാഹചര്യത്തിൽ IBPMS-നു പകരം മറ്റൊരു സോഫ്റ്റ്വെയർ ഉപയോഗിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | എങ്കിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ കാലവിളംബം കൂടാതെ തീരുമാനം എടുക്കുന്നതിന് ഉതകുന്ന സോഫ്റ്റ് വെയർ ഇക്കാര്യത്തിന് ഉപയോഗിക്കുവാൻ നിർദ്ദേശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**